നം.91/ബി5/2016/ഐ&പിആർ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം
തീയതി: 31.08.2018

## ലേല പരസ്യം

ടാഗോർ തീയേറ്റർ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതും വകുപ്പിന് ഉപയോഗയോഗ്യമല്ലാത്തതുമായ കെ.എൽ.-01-ജെ-667 നമ്പർ 1996 മോഡൽ സ്വരാജ് മസ്ദ വാഹനം **2018 സെപ്റ്റംബർ മാസം 10 -ാം തീയതി പകൽ 11 മണിക്ക്** ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറേറ്റിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് 7,000/- രൂപ നിരതദ്രവ്യമായി കെട്ടിവെയ്ക്കേണ്ടതുമാണ്. കൂടാതെ ടി വാഹനം വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്ന് മുൻകൂട്ടി സീൽചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽമാർഗ്ഗമോ **2018 സെപ്റ്റംബർ മാസം 5-ാം തീയതി വൈകുന്നേരം 4 മണിക്ക്** മുൻപായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽപ്പറഞ്ഞ നിരക്കിലെ തുകയ്ക്കുള്ള ഏതെങ്കിലും ദേശസാൽകൃതബാങ്കിൽ നിന്നും ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ്, ലേലത്തിൽ പങ്കെടുക്കുവാൻ എത്തിയിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ലേലം വിളിച്ച തുകയോ, ദർഘാസ് തുകയോ ഏതാണോ കൂടുതൽ, ആ തുകയ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ടയാളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടനെ ദർഘാസ്/ലേല തുകയുടെ പകുതിസംഖ്യ (നികുതിയുൾപ്പെടെ) നിരതദ്രവ്യം കഴിച്ച് ലേലസ്ഥലത്ത് വെച്ച് അടക്കേണ്ടതും ബാക്കി തുക നികുതിയുൾപ്പെടെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തി 10

ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ചെലവിൽ ലേലം/ദർഘാസ് പ്രകാരം ലഭിച്ച വാഹനം നീക്കം ചെയ്യേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കും. പുനർലേലത്തിൽ മുൻ വിൽപ്പനയെക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യാതൊരുവിധ അവകാശവാദവും ഉണ്ടായിരിക്കുകയില്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്ന വാഹനം ലേലത്തിന് മുൻപുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.15 മുതൽ 5.15 വരെ പ്രസ്സ് റിലീസ് വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**മേരി ലാലി സി.വൈ.**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്: ഇൻഫർമേഷൻ ഓഫീസർ (പ്രസ്സ് റിലീസ്)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(നോട്ടീസ് ബോർഡ്)
ഇൻഫർമേഷൻ ഓഫീസർ വെബ്&ന്യൂമീഡിയ വിഭാഗം ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി